# Intimacy in Marriage

Fr. Dr. Shaji P. John

## Barriers to intimacy

In marriages there are some factors that pull partners toward intimacy and there are also some factors that block intimacy and cause husband and wife to move away from each other. In order to increase the marital intimacy, we must have some understanding of the barriers to intimacy.

Lack of a sense of personal identity. The basic quality that leads a person to relate intimately with another is a sense of personal identity. According to Sherif (An Outline of Social Psychology), without s sense of personal identity it is impossible to account for the consistency of the person and the day to day continuity of this consistency in his social and other relations. This is not an innate product, achieving it is the focal task of each person during the adolescence. "The youth who is not sure of his identity shies away from interpersonal intimacy or throw himself in to the acts of intimacy which are 'promiscuous', without true fusion or real self abandon" (Erikson, Identity, Youth and Crisis). The young married partners who are still seeking for their identity are building their intimate relationship on a shaky foundation. A person who did not find his identity has away from his own feelings. So he cannot recognise or respond appropriately to the feelings of others. The growing sense of 'we-ness' always depends upon the sense of identity of each other.

Emotional immaturity. The emotional maturity of the couple also influence the capacity for their intimacy. Emotional immaturity in marriage takes different forms like giving more commitment to perents, rather than to marital relationship, remaining stuck in the premarital 'I-ism', psychological singleness, thinking in terms of getting rather than giving and receiving, demanding that the other person 'make me happy' etc. These type of people do not have a sense of responsibility for the shared task of creating a relationship.

Low self-esteem and guilt feeling. These two things are closely linked with unfinished identity. The sense of self worth is an essential element that makes a person 'cope-able'. A person who pictures him/herself of little value feels unlovable and therefore expects rejection and may avoid closeness. Guilt feeling block intimacy by producing low self-esteem and self-alienation. They express the feeling of inhibitions and repression in terms of alienation. The neurotic guilt feeling create fear of exposure, if he/she allows a close relationship. The fear forces the person to build higher and higher interpersonal walls. This is a great barrier to intimate relationship.

Proper communication of the couple will reduce the intensity of the block in intimacy. Good communication is the ability to transmit and receive meanings. It is the instrument for achieving the mutual understanding which is at the heart of marital intimacy. Communication will help the couple to increase the awareness of self, partner, and the relationship. It also provides them with a framework that helps them be aware of and understand all their God given dimensions of personality.

END.

**OVBS 2014 will be conducted from June 25th to July 4th. OVBS Application forms are available with Sunday School Teachers. Application forms must be duly filled by the parents and to be submitted to the Sunday School Teachers on or before June 10th. For any query : Mr. Robin Abraham (OVBS 2014 Supt.) 66903770, Mrs. Beena Binu (OVBS 2014 Conv.) 97278195**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of June. (Special prayer is offered in Holy Qurbana for them.)

**Schedule of Worship** : Every Friday Holy Qurbana at ACE's Hall (Near Subway Rest., Abbasiya) at 7 : 00 am & on Second Saturday (14-06-14) at NECK South Tent at 7:00am

**Free Transportation Facility** : To & Fro free transporation facility is available to all who attend the Holy Qurbana on Fridays at ACE Hall, Abbasiya.
For Query : pls contact Mr. Abraham P.K. - 6047 3158

## PRAYER MEETING SCHEDULE FOR JUNE-2014

| | | | Flr. | Flat | | (Time -pm) |
|---|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243** | | | | | | |
| 06-06 | Mr. Riju Oommen | Old Jack & Gill Building Next to Apsara Bazar | GF | 07 | 24335694 | 5:00 |
| 13-06 | Mr. Binu Thomas | Opp. Uniq store No. Behind Parsonage Bldg. | 02 | 12 | 99169720 | 5:00 |
| 20-06 | Mr. Felix Mamachan | Nr Uniqstore New Building Next Mosque Bldg. | 02 | 12 | 65954023 | 5:00 |
| 27-06 | Mr. Ginu M Joy | New Bldg Chachoo's / Parsonage Bldg. | 06 | 35 | 60988999 | 5:00 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242** | | | | | | |
| 13-06 | Mr. Reji T.Achenkunju | Family Bazar Building | 07 | 28 | 96687425 | 5:00 |
| 27-06 | Mr. Rinchu Varghese | Hi-Tech Building | 07 | 56 | 66865283 | 5:00 |
| **St. Dionysius Prayer (Abbasiya) Secretary : Mr. Thomas Varghese - 99274419** | | | | | | |
| 06-06 | Mr.Anil Abraham | N/R Spenser Bakery | 01 | 7 | 67083585 | 5:30 |
| 13-06 | Mr.Anil Idiculla | N/R Saif | GF | 20 | 60416880 | 5:30 |
| 20-06 | Mr.Binu Chacko | Opp.Best Bakery | 10 | 80 | 94098362 | 5:30 |
| 27-06 | Mr.Boby Mathew | Opp Best Bakery | 11 | 83 | 97574679 | 5:30 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Rajan - 65634870** | | | | | | |
| 20-06 | Mr. Abey Pappachan | Maliakkel Jewellery Bldg | 04 | 13 | 90923709 | 5.30 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 60626195** | | | | | | |
| 13/06 | Mr. Thomas P John | Bdlg. 30, Nr. Riggai Plaza Hotel, New Riggai | 04 | 08 | 66824275 | 7.30 |
| 27/06 | Mr. Binoy Thankachan | Bldg. 38, Al Riggai Flowers, Old Riggai | 04 | 11 | 97329268 | 7.30 |
| **St. Thomas Prayer (Farwaniya & Khaitan) Secretary : Mr. Jacob Zachariah - 99720086** | | | | | | |
| 06-06 | Mr. George Mathai | Near Indian Community School, Khaitan | 02 | 11 | 66290459 | 6.30 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 66952168** | | | | | | |
| 20-06 | Mr. Saju Mathew | Street No. 12, Salmiya | 07 | 21 | 66602890 | 6.30 |

### Feast of Pentecosti

The Holy Qurbana & Perunnal Service will be on 7th June, Saturday 2014, 6:30 pm.
Venue : Abba Hall, Near Paradise Rest. Abbasiya

### Feast of Apostles
(Sleeha Nombu Veedal)

The Holy Qurbana & Perunnal Service will be on 29th June, Sunday 2014, 6:30 pm.
Venue : ACE Hall, Near Subway Rest. Abbasiya

## HAPPY BIRTHDAY




HEARTFUL WISHES

Vol. 1, Issue : 5 June 2014

Parish Bulletin

# Stephanian

St. Stephens Indian Orthodox Congregation
Kuwait

**FEAST OF PENTECOST** (Jun. 8)
**APOSTLES LENT** (Jun. 16 - 29)
**FEAST OF APOSTLES** (Jun. 30)
**OVBS 2014** (Jun. 25 - Jul. 4)



H.H. BASELIOS DIDYMOS 1st
Heavenly abode on 26th May 2014, 7:20 pm

## പരിശുദ്ധസഭയെ, ആത്മീയ പ്രഭയിൽ നയിച്ച സ്നേഹനിധിയായ പിതാവേ, അങ്ങേയ്ക്ക് കണ്ണീരിൽ കുതിർന്ന പ്രണാമം

കർത്താവിന്റെ ഉയർപ്പിനു ശേഷം 40 ദിവസം പിന്നിടുമ്പോൾ നാം അനുഷ്ഠിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ശ്രേഷ്ഠമായ പെരുന്നാൾ ആണ് സ്വർഗ്ഗാരോഹണ പെരുന്നാൾ. മാനവ വംശത്തിന്റെ രക്ഷക്കുവേണ്ടി പിതാവായ ദൈവത്തിൽ നിന്നു വന്ന ദൈവപുത്രൻ തന്റെ ദൗത്യം പൂർത്തീകരിച്ചതിനു ശേഷം സർവ്വമഹത്വത്തോടു കൂടി പിതാവിൽ ഒന്നാകുവാൻ വേണ്ടി സ്വർഗ്ഗത്തിലേയ്ക്ക് കരേറിയ സുദിനം (May 29). പുനരുത്ഥാനനുഭവം പ്രദാനം ചെയ്യുന്ന പ്രത്യാശയുടെ പൂർണ്ണത നാം അനുഭവിക്കുന്നത് സ്വർഗ്ഗാരോഹണത്തിലൂടെയാണ്. നമുക്കായി നിത്യവാസസ്ഥലം സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് ഒരുക്കുവാൻ പുത്രൻ തമ്പുരാൻ ആരോഹണം ചെയ്തു. എന്നാൽ അവന്റെ രണ്ടാമത്തെ വരവിങ്കൽ അവൻ നമ്മെ അവിടേയ്ക്ക് ചേർത്തുകൊള്ളും എന്നുള്ളതാണ് ക്രിസ്തീയ പ്രത്യാശ. അതിലേയ്ക്കുള്ള ഒരു ഒരുക്ക കാലഘട്ടമാണ് നമ്മുടെ ഈ ലോകജീവിതം.

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പത്താം ദിവസം പെന്തിക്കൊസ്തി പെരുന്നാൾ ആണ് (50th Day after Resurrection). കർത്താവിന്റെ മണവാട്ടിയായ, ശരീരമായ സഭ ഔദ്യോഗികമായി ശുശ്രൂഷ ആരംഭിക്കുന്ന അല്ലെങ്കിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദിനമാണ് പെന്തിക്കൊസ്തി. യേശുവിന്റെ കുരിശുമരണത്തിനു ശേഷം നിരാശയാലും, ഭയത്താലും പതറിപ്പോയ ശിഷ്യന്മാരെ ഒന്നിച്ചുക്കൂട്ടുന്നത് സ്വർഗ്ഗാരോഹണ നാളാണ്. സെഹിയോൻ മാളികയിൽ പത്തുദിവസം ഒരുമനപ്പെട്ട് ശിഷ്യന്മാർ പ്രാർത്ഥിച്ചപ്പോൾ അവർ പരിശുദ്ധാത്മാവിൽ നിറഞ്ഞു. അഗ്നിയുടെയും കാററിന്റെയും പ്രതീകങ്ങളിലൂടെ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ പെന്തിക്കൊസ്ത് ദിവസം ഇറങ്ങി വന്നു (Acts of Apostles 2: 3-4). അങ്ങനെ പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ കാററിന്റെ കരുത്തും തീയുടെ ചൂടും വെളിച്ചവും ഉള്ളവരായി ശിഷ്യന്മാർ രൂപാന്തരപ്പെട്ട അത്ഭുത പരിണാമത്തിന്റെ അനുസ്മരണയാണ് പെന്തിക്കൊസ്തി (June 8). പരിശുദ്ധാത്മാവ് നമ്മിലും വന്ന് നിറയട്ടെ. നമ്മെ ഓരോരുത്തരെയും സത്യത്തിലും നീതിയിലും ന്യായത്തിലും വഴി നടത്തി യഥാർത്ഥ ക്രിസ്ത്യാനിയ്ക്ക് ഉചിതമായ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം
സജു അച്ചൻ

**St. Stephens Indian Orthodox Congregation, Kuwait**
Vicar : Fr.Saju Philip, Mob. - 60696128 / 24347327
Email : info@ststephensq8.org - www.ststephensq8.org

## കൂദാശകളുടെ അനുഷ്ഠാനം (....തുടർച്ച)

Fr. Dr. Johns Abraham Konattu

### വിശുദ്ധ കുർബാനയുടെ അർത്ഥതലങ്ങളും അനുഷ്ഠാനത്തിനാവശ്യമായ സാധനങ്ങളും:

**ധൂപക്കുററി:** ധൂപാർപ്പണം വിശുദ്ധവും സൗരഭ്യമുള്ളതുമായ പ്രാർത്ഥനയെ സൂചിപ്പിക്കുന്നു. സുഗന്ധവർഗ്ഗങ്ങൾ ധൂപമായി ദൈവത്തിനർപ്പിക്കുന്ന പതിവ് പഴയനിയമ കാലത്തുതന്നെ ഉണ്ടായിരുന്നല്ലോ. മേഘത്തിൽ പ്രത്യക്ഷമായ ദൈവസാന്നിധ്യത്തിന്റേയും, നമ്മുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിലെക്ക്ക് ഉയരുന്നതിന്റേയും എല്ലാം പ്രതീകമാണ് ധൂപാർപ്പണം. കൂടാതെ ശുദ്ധീകരണത്തിന്റെ അർത്ഥവും ധൂപാർപ്പണത്തിനുണ്ട്. ധൂപക്കുറ്റിയുടെ ചങ്ങലകളിൽ ഒന്ന് പിതാവിനെയും, രണ്ടെണ്ണം പുത്രനെയും (അവന്റെ ദൈവത്വവും, മനുഷ്യത്വവും) നാലാമത്തേത് പരിശുദ്ധാത്മാവിനേയും, കീഴ്ത്തട്ട് ഭൂമിയേയും, മേൽത്തട്ട് ആകാശത്തെയും, അതിലെ കരി പാപത്തെയും, അഗ്നി ദൈവപുത്രനെയും പ്രതിനിധീകരിക്കുന്നു. അതിലെ പന്ത്രണ്ടു മണികൾ ശ്ലീഹന്മാരെയും, ചങ്ങലകളിലുള്ള എഴുപത്തിരണ്ടു കണ്ണികൾ അറിയിപ്പുകാരെയും പ്രതിനിധീകരിക്കുന്നു. മദ്ബഹായിൽ ധൂപാർപ്പണം നടത്തിയ ശേഷം ജനത്തിന്റെ നേരെ തിരിഞ്ഞ് വീശിയിട്ട് വീണ്ടും തിരികെ പോകുന്നത് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് സ്വന്തം പിതാവിൽ നിന്ന് അനേകം നിധികൾ നമുക്ക് പ്രദാനം ചെയ്ത് ശേഷം സ്വയം സൗരഭ്യയാഗമായി അർപ്പിച്ചിട്ട് കരേറിപ്പോയ ക്രിസ്തുവിന്റെ പ്രതീകമാണന്ന് പിതാക്ക്ന്മാർ വ്യാഖ്യാനിക്കുന്നു. ദൈവസന്നിധിയിൽ നിന്നുള്ള ദൂതുകളും അനുഗ്രങ്ങളും ജനത്തിനു നൽകുകയും, ജനത്തിന്റെ അപേക്ഷകൾ ദൈവസന്നിധിയിൽ എത്തിക്കുകയും, ജനഹൃദയങ്ങളെ ഒരുക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ധൂപാർപ്പണത്തിലൂടെ നടക്കുന്നത്.

**ധൂപാർപ്പണം നടത്തുന്ന രീതി** : ധൂപക്കുററിയിൽ കുന്തുരുക്കം ഇട്ടുകഴിഞ്ഞാൽ നേരേ മദ്ബഹായിൽ പ്രവേശിച്ച് ആദ്യം പ്രധാന ത്രോണോസിന്റെ തെക്കെകോണിൽ മൂന്നു പ്രാവശ്യം വീശണം. അതുപോലെത്തന്നെ വടക്കേകോണിലും വീശണ്ടതാണ്. തുടർന്ന് മററു ത്രോണോസുകൾ മദ്ബഹായിൽ തന്നെയെങ്കിൽ വടക്കുവശത്തെ ത്രോണോസിനുനേരെ ആദ്യം മൂന്നു പ്രാവശ്യം വീശി വണങ്ങിയ ശേഷം വീണ്ടും മൂന്നു പ്രാവശ്യം വീശണം. അതുപോലെത്തന്നെ തെക്കുവശത്തെ ത്രോണോസിനു നേരെയും വീശണം. പിന്നീട് ഏവൻഗേലിയോൻ മേശ, മദ്ബഹായിൽ നിൽക്കുന്ന വൈദികർ എന്നിവർക്കു നേരെ മൂന്നു പ്രാവശ്യം വീശിയ ശേഷം ഇടത്തുവശത്തുകൂടി പടിഞ്ഞാറോട്ട് തിരിഞ്ഞ് നേരേ പടിഞ്ഞാറാട്ടും, വടക്കുവശത്തേക്കും, തെക്കുവശത്തേക്കും മുമ്മൂന്നു പ്രാവശ്യം വീതം വീശി വണങ്ങണം. ചെറിയ ത്രോണോസുകൾ പ്രധാന മദ്ബഹായ്ക്കു താഴെയാണെങ്കിൽ പടിഞ്ഞാറോട്ടു തിരിയുമ്പോൾ ആദ്യം വടക്കു വശത്തെ ത്രോണോസിനു നേരെയും പിന്നീട് തെക്കുവശത്തെ ത്രോണോസിനു നേരേയും വീശിയ ശേഷം ജനങ്ങളുടെ നേരെ വീശണം.

പ്രുമിയോൻ, എത്രോ, ഏവൻഗേലിയോൻ, കുക്കിലിയോനുകൾ എന്നിവയുടെ സമയത്താണ് സാധാരണ ധൂപാർപ്പണം നടത്തേണ്ടത്. എത്രോ വായിച്ചു തുടങ്ങുന്നതിനു മുമ്പ് ധൂപാർപ്പണം ആരംഭിക്കുന്നതാണ് ഉചിതം. പ്രാർത്ഥനയിൽ ഞങ്ങൾ അർപ്പിച്ച ധൂപം എന്ന് ഭൂതകാലത്തിലാണ് പറയുന്നത്. തന്നെയുമല്ല, ഒരു പട്ടക്കാരൻ മാത്രമുള്ള സാഹചര്യങ്ങളിൽ പ്രായോഗികമായും എത്രോയ്ക്കു തൊട്ടുമുമ്പുള്ള പാട്ടിന്റെ സമയത്ത് കുന്തുരുക്കം ഇടുവിക്കുന്നതാണ് സൗകര്യപ്രദം.

**മർവഹ്സാ.** സ്വർഗ്ഗത്തിൽ ദൈവത്തെ സ്തുതിക്കുന്ന മാലാഖമാരുടെ പ്രതീകമാണ് ഇവ. കുർബാനയുടെയും മററു കുദാശകളുടെയും പ്രധാനസമയങ്ങളിൽ ഇവ കിലുക്കുന്നു.

<u>കുർബാന അപ്പം.</u> ഹ്മീറോ (പുളിപ്പുള്ള അപ്പം) അഥവാ ത്ബഌ എന്നെല്ലാം ഇതിനു പേരു പറയാറുണ്ട്. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പം പത്തീറ (പുളിപ്പില്ലാത്ത അപ്പം) ആയിരിക്കരുത്; ലഹ്മോ (പുളിപ്പുള്ള അപ്പം) ആയിരിക്കണമെന്നത് നിർബ്ബന്ധമാണ്. ഞാൻ ജീവന്റെ ലഹ്മോ ആകുന്നു. എന്നാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. സ്വർഗ്ഗരാജ്യം പുളിപ്പിന് സദ്യശ്യമാകുന്നു എന്ന് പഠിപ്പിച്ചതും (മത്താ.: 13 : 33) മോശ പെന്തിക്കൊസ്തി പെരുന്നാളിന് പുളിപ്പുള്ള അപ്പം) ഉപയോഗിച്ചതും (പുറ.23:17) എല്ലാം ഇതിന്റെ അടിസ്ഥാനങ്ങളയി പിതാക്ക്ന്മാർ ചൂണ്ടിക്കാണിക്കുന്നു.

<u>കുഴച്ചുവയ്പ്പും അടിച്ചുകാച്ചും :</u> അപ്പത്തിന് കുഴച്ചു വയ്ക്കുമ്പോൾത്തന്നെ പ്രാർത്ഥനാപൂർവ്വം, ഇത് വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിക്കേണ്ടതാണ് എന്ന ചിന്തയോടെ വേണം ഉണ്ടാക്കുവാൻ. ശുശ്രൂഷകൻ ദേഹശുദ്ധി വരുത്തിയശേഷം 51-ാം സങ്കീർത്തനം ഉരുവിട്ടുകൊണ്ട് കുഴയ്ക്കണമെന്നാണ് പിതാക്ക്ന്മാർ ഉപദേശിക്കുന്നത്. കുഴച്ചുവയ്ക്കുവാനും അടിച്ചു കാച്ചുവാനും ഉപയോഗിക്കുന്ന പാത്രങ്ങൾ, ചട്ടുകങ്ങൾ മുതലായവയെല്ലാം എപ്പോഴും വൃത്തിയായി സൂക്ഷിക്കണം. ഇന്ന തരത്തിലുള്ള ഗോതമ്പുമാവ് ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നില്ലെങ്കിലും ഗുണമേന്മയുള്ളതുതന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ഗോതമ്പുമാവും ഒലിവെണ്ണയും പഴകിയത് ഒരിക്കലും ഉപയോഗിക്കരുത്. അപ്പം, അതിന്റെ മുന്നോടിയായ മന്നായുടെ പൂർണ്ണത ആയതിനാൽ, മന്നാ പോലെതന്നെ ഉണ്ടാക്കുന്ന ദിവസംതന്നെ കുർബാനയ്ക്കായി ഉപയോഗിക്കണം.

തുടരും....

## ഭവനവും കുടുംബവും - തിരുവചന വീക്ഷണത്തിൽ

### സങ്കീർത്തനം 127 - ഒരു പഠനം

**ആമുഖം:** ശലോമോന്റെ ആരോഹണഗീതം എന്ന ശീർഷകത്തിൽനിന്ന് ശലോമോൻ രചിച്ചതെന്നു തോന്നാം. മാത്രമല്ല ശലോമോന്റെ വിജ്ഞാനസാഹിത്യത്തോടുള്ള (wisdom writings) ചില സാമ്യങ്ങൾ കാണുന്നുമുണ്ട്. ശലോമോന്റെ ജീവിതാനുഭങ്ങളോട് സാമ്യമുള്ള പരാമർശങ്ങളും ഇല്ലാതില്ല. ഉദാ: ഉറക്കത്തിൽ ശലോമോന് ദർശനം. സങ്കീ. വാ. 2 കാണുക. ശലോമോന് മറെറാരു പേരുണ്ട് യെദീദ്യാവ് (2 ശമു 12:25). വാക്കിന്റെ അർത്ഥം യഹോവയുടെ പ്രീതി (beloved of God). ഈ സങ്കീർത്തനത്തിൽ തന്റെ പ്രിയനോ (വാ. 2) എന്നു പറയുന്നത് ആ പേരിനോട് ബന്ധപ്പെടുത്താം. ഇങ്ങനെ ശീർഷകം മാത്രമല്ല ഉള്ളടക്കത്തിലെ പരാമർശങ്ങളും ശലോമോനെ പിന്തുണയ്ക്കുന്നു. ഇതൊക്കെയാണെങ്കിലും മററുപല പരിഗണനകൾ വച്ച് പ്രവാസത്തിൽനിന്നു മടങ്ങിവന്ന് നെഹമ്യാവിന്റെ നേതൃത്വത്തിൽ യെറുശലേമിന്റെ മതിൽ നിർമ്മിതി നടത്തിയ പശ്ചാത്തലമാണ് സങ്കീർത്തനത്തിനുള്ളത് എന്ന് ഏറെ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു.

പ്രവാസത്തിനിന്ന് മടങ്ങിയെത്തിയശേഷം യിസ്രായേലിലെ തകർന്ന കുടുംബബന്ധങ്ങൾ കെട്ടിപ്പടുക്കുന്ന ലക്ഷ്യത്തോടെ രചിച്ചതാണെന്ന് ചില പണ്ഡിതന്മാർ കരുതുന്നു. ഇതിലെ പ്രധാന പ്രമേയം ഏതു പ്രസ്ഥാനവും സംരംഭം തുടങ്ങുകയും വളർത്തുകയും ഫലപ്രദമാക്കുകയും ചെയ്യുന്നത് ദൈവമാണ്. ദൈവത്തെക്കൂടാതെയുള്ള ഏത് ഉദ്യമവും പരാജയത്തിൽ കലാശിക്കും. മക്കൾ ദൈവത്തിന്റെ ദാനമാണെന്നും അവർ കുടുംബത്തിന്റെ ശക്തിയാണെന്നും വ്യക്തമാക്കുന്നു. ഈ സങ്കീർത്തനം ദേവാലയ പുനഃപ്രതിഷ്ഠയ്ക്കും പ്രസവാനന്തരമുള്ള കൃതജ്ഞതാ ശുശ്രൂഷയ്ക്കും പല സഭകളിലും ഉപയോഗിക്കാറുണ്ട്.

**വിഭജനം :** (1) വാ. 1-2. ദൈവം പ്രവർത്തിക്കുന്നില്ല എങ്കിൽ : ദൈവത്തിന്റെ സഹായവും സഹകരണവുമില്ലെങ്കിൽ മനുഷ്യ പ്രയത്നം വിഫലമാകും എന്നു പ്രസ്താവിക്കുന്നു. മൂന്നു കാര്യങ്ങൾ പ്രത്യേകമായി ചൂണ്ടികാണിക്കുന്നു. <u>(എ) വീടു പണിയുന്നത്;</u> മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. എക്കാലത്തും അവിന്റെ ശ്രമവും ശ്രദ്ധയും പാർപ്പിടനിർമ്മാണത്തിൽ പതിഞ്ഞിരുന്നു. എങ്കിലും ഇന്ന് പാർപ്പിടം ഇല്ലാത്തവരുടെ സംഖ്യ ഒട്ടും കുറവല്ല. അതേസമയം പാർപ്പിടങ്ങൾ രമ്യഹർമ്മങ്ങളാക്കിത്തീർക്കാൻ കോടിക്കണക്കിനു മുതൽമുടക്കുന്നവരുമുണ്ട്. അവർക്കു തങ്ങളുടെ മണിമന്ദിരങ്ങൾ പ്രൗഢിയും പ്രതാപവും വിളിച്ചറിയിക്കാനുള്ള ഉപാധിയാണ്.

പക്ഷേ സങ്കീർത്തകൻ പറയുന്നത് ദൈവകൃപ ലഭിക്കാത്ത ഏതു സംരംഭവും അത്യന്തികമായി പരാജയപ്പെടുമെന്നാണ്. കർത്താവു കല്പിച്ചു: എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയുകയില്ല (യോഹ. 15:5). ബാബേൽ കോട്ട പൗരാണികമനുഷ്യന്റെ സംരംഭം പരാജയത്തിൽ കലാശിച്ചത് ഇവിടെ ഓർക്കാം (ഉല്പ. 11: 1 9).

<u>(ബി) പട്ടണം കാക്കുന്നത്:</u> യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു. ചുററും വലിയ കോട്ടകൾ കെട്ടി വീക്ഷാഗോപുരങ്ങൾ അവയിൽ നിർമ്മിച്ചിരുന്നു. ശത്രുക്കളുടെ കടന്നാക്രമണം ഉണ്ടാകാതെ നിരീക്ഷിക്കുവാൻ കാവൽക്കാർ വീക്ഷാഗോപുരങ്ങളിൽ ജാഗരിച്ചു. എന്നാൽ യഹോവയുടെ സംരക്ഷണം ഇല്ലെങ്കിൽ കാവൽക്കാരുടെ ജാഗരണം വ്യർത്ഥമാണ്. 121-ാം സങ്കീർത്തനത്തിൽ, ഉറക്കം തൂങ്ങാതെയും ഉറങ്ങാതെയും സൂക്ഷിക്കുന്ന കാവൽക്കാരൻ കർത്താവാകുന്നു എന്നു പറഞ്ഞിട്ടുണ്ട്. മറെറാരിടത്ത് ഞാൻ അതിന്നു ചുററും തീമതിലായിരിക്കും (സെഖ. 2:5) എന്ന് യഹോവ വാഗ്ദാനം ചെയ്യുന്നു.

<u>(സി) കഠിനാദ്ധ്വാനം ചെയ്യുന്നത് :</u> (വാ. 2) കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുന്നത് വ്യർത്ഥമത്രേ. അതിരാവിലെ എഴുന്നേൽക്കുന്നതു മുതൽ രാത്രി വളരെ വൈകുന്നതുവരെ കഠിനാദ്ധ്വാനം ചെയ്യുന്നത് വ്യർത്ഥമാണ്. കാരണം ദൈവകൃപലഭിക്കുന്നില്ലെങ്കിൽ പ്രയത്നങ്ങൾ നിഷ്ഫലമാകും. അദ്ധ്വാനം ആവശ്യമില്ല എന്ന ധ്വനിയല്ല ഇവിടെയുള്ളത്. മനുഷ്യൻ അദ്ധ്വാനം ചെയ്തു ജീവിക്കുവാൻ ദൈവം ഉദ്ദേശിച്ചിരിക്കുന്നു. മനുഷ്യ സൃഷ്ടി വിവരിക്കുന്നിടത്ത് ; ഏദൻതോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാക്കുവാനും അവിടെ ആക്കി (ഉത്പ. 2:15) എന്നാണ് കാണുന്നത് പൗലോസ് ശ്ലീഹ അനുശാസിക്കുന്നു: വേല ചെയ്യാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത് (2 തെസ്സ. 3:10).
<u>വാ. 2</u> തന്റെ പ്രിയന്നോ അത് ഉറക്കത്തിൽ കൊടുക്കുന്നു. ; ഇതിന്റെ മററ് ഭാഷ്യങ്ങൾ തന്റെ പ്രിയപ്പെട്ടവർക്ക് അവൻ നല്ല ഉറക്കം കൊടുക്കുന്നു.; തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ അവൻ അവർക്കു വേണ്ടതു കൊടുക്കുന്നു. പല ഭാഷ്യങ്ങൾ ഈ വാക്യത്തിനുള്ളതുകൊണ്ട് പല അർത്ഥങ്ങൾ നമുക്കതിനു നൽകാം.

<u>(എ) യഹോവയ്ക്ക് പ്രിയനായവൻ</u> എന്നുള്ള അർത്ഥത്തിൽ ശലോമോന് യദിദ്യാവ് എന്ന് മറെറാരു പേരുണ്ടായിരുന്നു. ശലോമോന് ഉറക്കത്തിൽ ദൈവം അനുഗ്രഹം നൽകിയതായി 1 രാജാ.3 : 5 15ൽ നാം വായിക്കുന്നു. ശലോമോൻ സ്വപ്നത്തിലാണല്ലോ, യഹോവയോട് അപേക്ഷിച്ചത്, തന്റെ ജനത്തെ പരിപാലനം ചെയ്യുവാനുള്ള വിവേകം നൽകണമേ എന്ന്. യഹോവയ്ക്ക് അത് അത്യന്തം പ്രീതികരമായി. കാരണം അവൻ ചോദിച്ചത് സമ്പത്തിനോ മററു നേട്ടങ്ങൾക്കോ ആയിരുന്നില്ല. അതുകൊണ്ട് യഹോവ അവന്റെ ആഗ്രഹപ്രകാരം ജ്ഞാനം നൽകി. അതുപോലെ തങ്ങളുടെ പ്രയത്നങ്ങൾ കവിഞ്ഞു നന്മകൾ ദൈവത്തിൽനിന്നു ലഭിക്കുമെന്ന് ദൈവമക്കൾക്കു വിശ്വസിക്കാം.
<u>(ബി) തന്റെ ഭക്തന്മാർക്ക്</u> ദൈവം നല്ല ഉറക്കം കൊടുക്കുന്നു; ഇതാണ് സുറിയാനി പരിഭാഷയിലെ ആശയം. ആകുലതയൊന്നുംകൂടാതെ, സുഖമായുറങ്ങുവാൻ അവർക്കു സാധിക്കും. ഇന്നത്തെ സംസ്കാരത്തിൽ ഉറക്കം കെടുത്തുന്ന ഘടകങ്ങൾ വളരെയാണ്. അതുകൊണ്ട് നല്ല ഉറക്കം ലഭിക്കുക, വലിയ അനുഗ്രഹമായി അനേകർ കരുതുന്നു.

തുടരും....

## ആൽക്കഹോൾ

Fr. P.A. Philip

### മദ്യപാനം ഒരു ബൈബിൾ പഠനം

മദ്യപാനത്തെ സംബന്ധിച്ച ഒരു നല്ല കഥ ഉല്പത്തി പുസ്തകം 9-ാം അദ്ധ്യായം 20-27 വാക്യങ്ങളിൽ നാം വായിക്കുന്നു. മുന്തിരിച്ചാറു കുടിച്ച് ഉന്മത്തനായി ഉറങ്ങിപ്പോയ നോഹ താൻ വിവസ്ത്രനായിത്തീർന്നതു അവൻ അറിഞ്ഞില്ല. മദ്യത്തിന്റെ പിടിയിൽ ഉറങ്ങുന്ന പിതാവിന്റെ നഗ്നതയെ മക്കൾ കണ്ടുവെന്നത് ആ സമൂഹത്തിൽ വളരെ ലജ്ജാപരമായ ഒരു കാര്യമാണ്. (നമ്മുടെ സമൂഹത്തിലും) ഹാം എന്ന പുത്രൻ പിതാവിന്റെ നഗ്നതയെ ആവരണം ചെയ്യാൻ മെനക്കെട്ടില്ല. ശേമും യാഫെത്തും അക്കാര്യം ചെയ്യുകയും ചെയ്തു. ലഹരിയുടെ കെട്ടുവിട്ടുണർന്ന നോഹ തന്റെ തെററിനെപ്പററി ഒട്ടും ബോധവാനല്ല. താൻ ബോധമില്ലാതെ കിടന്നുറങ്ങിയതിൽ ഒരു സങ്കോചവും കാണിക്കുന്നില്ല. മകൻ ചെയ്ത കുററമാണ് അദ്ദേഹത്തെ ചൊടിപ്പിച്ചത്. അതേത്തുടർന്ന് വളരെ നിർഭാഗ്യകരമായ ഒരു ശാപവും. ഹാമും അവന്റെ സന്തതിയും ശപിക്കപ്പെട്ടവരെന്ന് നോഹ വിധിച്ചു. ഈ ശാപം ഫലിച്ചോ, എന്തോ? എന്തായാലും ഈ ബൈബിൾകഥ ചില കാര്യങ്ങൾ വിശദീകരിക്കുന്നു. മദ്യപാനം മററു പല ദോഷങ്ങൾക്കും വിനകൾക്കും വഴിയൊരുക്കുന്നു. മദ്യപാനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്ന എത്രയെത്ര വ്യക്തിജീവിതങ്ങളും കുടുംബങ്ങളും നമുക്ക് ചുററും ഉണ്ട്. ഒരു ദിവസത്തെ അമിതമദ്യപാനം മൂലം വർഷങ്ങളായി കരുപ്പിടിപ്പിച്ച സുന്ദരമായ കുടുംബജീവിതം നഷ്ടപ്പെട്ടവർ എത്രയെത്ര?

യഹോവ അഹറോനോടും പുത്രന്മാരോടും അരുളിച്ചെയ്തത് സ്മരണീയമാണ്; 'നീയും നിന്റെ പുത്രന്മാരും മരിച്ചുപോകാതിരിക്കേണ്ടതിന് സമാഗമനക്കുടാരത്തിൽ കടക്കുമ്പോൾ വീണ്ടും മദ്യം കുടിക്കരുത് ' (ലേവ്യ 10:9). ദൈവസന്നിധിയിൽ ഒരു മദ്യപാനിക്കും നിൽക്കുവാൻ കഴിയുകയില്ല. വിശുദ്ധസ്ഥലത്ത് നാം കാലുവയ്ക്കുമ്പോൾ ഓർക്കുക, നാം മദ്യപിച്ചിരിക്കുവാൻ പാടില്ല. നമ്മുടെ പെരുന്നാളുകളിലും ആഘോഷങ്ങളിലും ഈ കല്പന നാം പാലിക്കാറുണ്ടോ?

അതികാലത്ത് എഴുന്നേററ് മദ്യം തേടി ഓടുകയും വീഞ്ഞു കുടിച്ചു മത്തരായി സന്ധ്യാസമയത്ത് വൈകിയിരിക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം! (യെശ. 5:11). ദിവസം മുഴുവൻ 'വെള്ളത്തിന്റെ പുറത്തു' ജീവിക്കുന്ന മദ്യപന് അയ്യോ കഷ്ടം! 'നിങ്ങൾ ചെന്ന് പാർക്കുന്ന ദേശത്ത് നിങ്ങൾ ദീർഘായസ്സോടെ ഇരിക്കേണ്ടതിന് നിങ്ങളും നിങ്ങളുടെ മക്കളും ഒരിക്കലും വീഞ്ഞു കുടിക്കരുത് ' (യിരെ. 35:7).

മദ്യം കുടിക്കരുതെന്നു മാത്രമല്ല, മദ്യപന്മാരുമായി സംബന്ധമോ സംസർഗ്ഗമോ പോലും പാടില്ല. 1 കൊരി. 5:11 ൽ പൗലോസ്ശ്ലീഹാ പറയുന്നു. എന്നാൽ സഹോദരൻ എന്നു വേർപെട്ട ഒരുവൻ ദുർനടപ്പുകാരനോ, അത്യാഗ്രഹിയോ, വിഗ്രഹാരാധിയോ വാവിഷ്ണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുത്.

ഇത്ര ഘനമേറിയ ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന ബൈബിൾ തലയിണയായി വച്ചുറങ്ങുന്ന ക്രിസ്ത്യാനികളും ഇല്ലാതില്ല. ബൈബിളിൽ ഒരിടത്തും മദ്യപാനത്തെ അനുകൂലിക്കുന്നതായി വായിക്കുന്നില്ല. എന്നാൽ ഈ ഭാഗങ്ങൾ മാററിവച്ചിട്ട് മദ്യപന്മാർ രക്ഷതേടുന്ന ഒരു വാക്യം വേദപുസ്തകത്തിലുണ്ട്. 'മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അൽപം വീഞ്ഞു സേവിച്ചുകൊള്ളുക' (1 തിമൊത്തി 5:23)

### മദ്യാസക്തി പാപമോ രോഗമോ?

വീഞ്ഞ് പരിഹാസിയും കലഹക്കാരനും ആകുന്നു. അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകുകയില്ല (സദൃ. 20:1).

മദ്യാസക്തരെ ചികിൽസിക്കുന്നവരും ചില ക്രിസ്ത്യാനികളും പറയും: മദ്യാസക്തി ഒരു രോഗമാണ്. ആരും സ്വയം തെരഞ്ഞെടുക്കാറില്ല. എന്നാൽ അതിന് ഇരയായവർ നമ്മുടെ സ്നേഹവും പരിചരണവും ആവശ്യപ്പെടുന്നു. വേരൊരു വിഭാഗം ക്രിസ്തീയപ്രവർത്തകർ വാദിക്കും. അങ്ങനെയല്ല അതു പാപമാണ് അതു ക്ഷമിക്കുവാനോ പൊറുക്കുവാനോ പാടില്ല.

ഇതിൽ ഏതു വാദഗതിയാണ് ശരി? കൂടുതൽ ചിന്തിച്ചാൽ ഇതു രണ്ടും ശരിയാണെന്ന് മനസ്സിലാകും. മദ്യപിക്കുന്നത് ഒരു പാപവും, മദ്യാസക്തി ഒരു രോഗവുമാണ്. ഏറെ രസകരമായ വസ്തുത ഇതു രണ്ടും പരസ്പരബന്ധിതമാണെന്നുള്ളതാണ്.

തുടരും....